ഉത്തരം

(എ) ധനകാര്യ വകുപ്പിൽ നിന്നും ഇത് സംബന്ധിച്ച് ഉത്തരവുകൾ ഒന്നും പുറപ്പെടുവിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 31-3-2001-ന് മുമ്പ് പൂർത്തിയാക്കണമെന്നാണ് ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നത്.

(സി) കണക്കുകൾ പൂർത്തിയാക്കേണ്ട തീയതി നീട്ടിക്കൊടുത്തിട്ടില്ല. നഗരസഭകളിൽ ഡി.സി.ഡി. കൂടിശ്ശികയുണ്ടെന്ന് കണ്ടതുകൊണ്ടാണ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ടി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ടുമായി ഇതിന് ബന്ധമില്ല.

(ഡി) 31-3-2001-ന് മുമ്പ്.

(ഇ) 1994-ലെ കേരള ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ടിലെ സെക്ഷൻ 9(1) പ്രകാരം അതാത് സാമ്പത്തിക വർഷം അവസാനിച്ച് നാലുമാസത്തിനുള്ളിൽ കണക്കുകൾ ആഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

(എഫ്) ഈ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ഉത്തരവുകൾ ഒന്നും പുറപ്പെടുവിച്ചിട്ടില്ല.

(ജി) ബാധകമല്ല.

സർക്കാരിന്റെ പുതിയ അബ്കാരി നയം

70 (468) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദേശമദ്യവില്പന പൂർണ്ണമായും സംസ്ഥാന ബിവറേജസ് കോർപ്പറേഷന് കൈമാറുന്നതിനും നിലവിലുള്ള എക്സൈസ് ഡ്യൂട്ടിയിലും വില്പന നികുതിയിലും മാറ്റം വരുത്തിക്കൊണ്ട് പുതിയ അബ്കാരി നയം പ്രഖ്യാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് ആവശ്യമുള്ള ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ അളവെത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിൽ ബിവറേജസ് കോർപ്പറേഷന് നൽകാൻ കഴിയുന്ന വിദേശ മദ്യത്തിന്റെ അളവെത്രയാണ് ;

(ഇ) മദ്യവിതരണത്തിന്റെ കുത്തക സംസ്ഥാന ബിവറേജസ് കോർപ്പറേഷന് നൽകിയാൽ ആവശ്യാനുസരണം വിദേശമദ്യം നൽകുവാൻ കോർപ്പറേഷന് കഴിയുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇല്ലെങ്കിൽ ഈ രംഗത്ത് സ്വകാര്യവൽക്കരണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) പുതിയ അബ്കാരി നയത്തിന്റെ വിശദാംശങ്ങൾക്ക് അന്തിമ രൂപം നൽകിയിട്ടില്ല.

(സി) 1999-2000 വർഷത്തിൽ 64.52 ലക്ഷം കെയ്സ് വിദേശമദ്യം ചെലവായി.

(ഡി) കേരളത്തിൽ ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിതരണത്തിന്റെ കുത്തക ബിവറേജസ് കോർപ്പറേഷനായതിനാൽ ആവശ്യമുള്ള മുഴുവൻ വിദേശമദ്യവും വിതരണം ചെയ്യുന്നത് ബിവറേജസ് കോർപ്പറേഷനാണ്.

(ഇ) ബിവറേജസ് കോർപ്പറേഷനാണ് കേരളത്തിൽ ആവശ്യമുള്ള വിദേശമദ്യം വിതരണം ചെയ്യുന്നത്.

(എഫ്) ഉദ്ദേശിക്കുന്നില്ല.

മദ്യ നയത്തിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച്

71 (469) ശ്രീ. കെ. ബാബു :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് മദ്യ നയത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെന്ന് വിശദീകരിക്കുമോ ;

(സി) ഈ നയംമൂലം വ്യക്തികൾ മദ്യവ്യവസായ രംഗത്ത് നിന്നും തുടച്ചു നീക്കപ്പെടുമോ ;

(ഡി) കള്ളുഷാപ്പുകൾ തൊഴിലാളികളുടെ സൊസൈറ്റിയെ ഏൽപ്പിക്കുന്നത് വ്യാജ നിർമ്മാണവും കടത്തലും വർദ്ധിക്കുവാൻ കാരണമാകുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) പുതിയ മദ്യനയത്തിന്റെ വിശദാംശങ്ങൾക്ക് അന്തിമരൂപം നൽകിയിട്ടില്ല.

(ഡി) കള്ളുഷാപ്പുകൾ സൊസൈറ്റികളെ ഏൽപ്പിക്കുന്നതുകൊണ്ട് വ്യാജ മദ്യനിർമ്മാണവും കടത്തലും വർദ്ധിക്കുമെന്ന് കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly